# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.40. 11.06.2013 ൽ മറുപടിയ്ക്ക്.

## സ്കൂൾ വാഹനങ്ങളുടെ സുരക്ഷിതത്വം

| ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി<br>,, വി. ശിവൻകുട്ടി<br>,, ആർ. രാജേഷ്<br>,, കെ. കെ. നാരായണൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) സ്കൂൾ വാഹനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കു ന്ന തിന് നിർദ്ദേശിച്ച നിബന്ധനകളിൽ വീഴ്ച വരു ന്ന തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) സ്കൂൾ വാഹനങ്ങളുടെ സഞ്ചാരക്ഷമതയും ഡ്രൈവർ ഉൾപ്പെടെയുള്ളവർ നിശ്ചയിക്കപ്പെട്ട യോഗ്യതയുള്ളവരാണെന്നും സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ടോ ; | (ബി) | സ്കൂൾ വാഹനങ്ങളുടെ സഞ്ചാരക്ഷമത വാർഷിക പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. കൂടാതെ പതിവ് വാഹന പരിശോധനകളും നടത്തുന്നുണ്ട്. വാഹനത്തിന്റെ പഴക്കം നിർണ്ണയിയ്ക്കുന്നതിനുള്ള അധികാരം, നിലവിലുള്ള മോട്ടോർ വാഹന നിയമങ്ങളും, ചട്ടങ്ങളും പ്രകാരം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്. സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർ ഉൾപ്പെടെയുള്ളവർ നിശ്ചയിയ്ക്കപ്പെട്ട യോഗ്യതയുള്ളവരാണെന്നുറപ്പുവരുത്തുന്നതിന് നിബന്ധന ഉണ്ട്. 10/05/2012 - ലെ വിജ്ഞാപനത്തിലൂടെ 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ പുതുതായി ഉൾപ്പെടുത്തിയ ചട്ടം 153 ഡി - ലെ വ്യവസ്ഥകൾ പ്രകാരം സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് 10 വർഷത്തിൽ കുറയാത്ത ഡ്രൈവിംഗ് പരിചയവും, ഹെവി വാഹനങ്ങൾ ഓടിച്ചുള്ള 5 വർഷത്തിൽ |

| | | |
|---|---|---|
| | | കുറയാത്ത പരിചയവും ഉണ്ടായിരിക്കണം എന്നും, റെഡ് ലൈറ്റ് ജംപിംഗ്, ലെയ്ൻ ഡിസിപ്ലിൻ വയലേഷൻ, അനധികൃതമായി മറ്റ് വ്യക്തികളെ വാഹനം ഓടിക്കുവാൻ അനുവദിക്കുക തുടങ്ങിയ കുറ്റകൃത്യങ്ങൾക്ക് ഒരു വർഷത്തിൽ രണ്ട് പ്രാവശ്യത്തിൽ കൂടുതൽ ശിക്ഷിക്കപ്പെട്ട വ്യക്തിയേയോ, മദ്യപിച്ച് വാഹനമോടിക്കുക, അമിത വേഗതയിൽ വാഹനം ഓടിക്കുക, അപകടകരമായ രീതിയിൽ വാഹനം ഓടിക്കുക, തുടങ്ങിയ കുറ്റങ്ങൾക്ക് ഒരിക്കലെങ്കിലും ശിക്ഷിക്കപ്പെട്ട വ്യക്തിയേയോ ഡ്രൈവറായി നിയമിക്കുവാൻ പാടുള്ളതല്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത വാഹനങ്ങളിൽ കയറ്റാവുന്നതിലും കൂടുതൽ വിദ്യാർത്ഥികളെ കൊണ്ടു പോകുന്നതിന്റെ ഫലമായി അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) സ്കൂൾ വാഹനങ്ങളുടെ വിവരങ്ങളും ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും എണ്ണവും പേര് വിവരവും സ്ഥലത്തെ പോലീസ് സ്റ്റേഷനിൽ നൽകണമെന്ന വ്യവസ്ഥ എല്ലാ വാഹന അധികൃതരും പാലിച്ചുവെന്ന ഉറപ്പു വരുത്തിയിട്ടുണ്ടോ ? | (ഡി) | ഉറപ്പുവരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.